**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1959** **29-07-2021 - ൽ മറുപടിയ്ക്ക്**

**ഞാറക്കൽ സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ചെറായി മുതൽ ഞാറക്കൽ വരെ 110 കെ.വി ലൈനിന്റെ നിർമ്മാണത്തിനും 66 കെ.വി ഞാറക്കൽ സബ്സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തിയെയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ചെറായി മുതൽ 66 കെ.വി ഞാറക്കൽ സബ് സ്റ്റേഷൻ വരെ 14.1 കി.മി. 110 കെ.വി. ഡബിൾ സർക്ക്യൂട്ട് ലൈൻ 51 ടവറുകൾ സ്ഥാപിച്ച് വലിക്കുകയും, ഞാറക്കൽ സബ് സ്റ്റേഷനിൽ നിർദ്ദിഷ്ട 110 കെ.വി. ബേ പണിത് 110/11 കെ.വി, 12.5 എം.വി.എ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, പഴയ 11 കെ.വി പാനലുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി ലഭ്യമായതെന്നും ഇതിനായി അനുവദിച്ച തുക എത്രയെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ? | (ബി) | 18.02.2020 – ൽ 24 കോടി രൂപ ഭരണാനുമതി ലഭിച്ച പ്രവൃത്തിയിൽ 18 കോടി രൂപ ചെറായി ഞാറക്കൽ 110 കെ.വി. ഡബിൾ സർക്ക്യൂട്ട് ലൈൻ നിർമ്മാണത്തിനും, 6 കോടി രൂപ 66കെ.വി ഞാറക്കൽ സബ് സ്റ്റേഷൻ 110 കെ.വി നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്കായും വകയിരുത്തിയിരിക്കുന്നു. 14.1 കി.മീ 110 കെ.വി ഡബിൾ സർക്ക്യൂട്ട് ലൈൻ വലിയ്ക്കാനുള്ള വർക്ക് ഓർഡർ ജി.എസ്.ടി ഉൾപ്പെടെ 19,09,56,470/- (19.0956 കോടി) രൂപയ്ക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാരംഭ നടപടിയായ ലെറ്റർ ഓഫ് അക്സപ്റ്റൻസ് 08.03.2021 – ൽ കോൺട്രാക്ടർക്ക് നല്കി. ഒക്ടോബർ മാസത്തോടെ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. ഞാറക്കൽ സബ്സ്റ്റേഷനെ 110 കെ.വി നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്കായി പ്രസ്തുത സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും വേണ്ടിയുള്ള സെയിൽ ഓർഡർ കൊടുക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഓഗസ്റ്റ് മാസത്തോടെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ഡിസംബറോടുകൂടി ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ